"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-ബീറ്റ് ഫോറസ്റ്റ് ഓഫീസർ കുമാരി.ക്രിസ്റ്റിലിൻ മേരി തോമസിന് പഠനം പൂർത്തീകരിക്കുന്നതിനായി വിനിയോഗിച്ച അവധി ശൂന്യവേതനാവധിയായി ക്രമീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.319/2021/വനം തീയതി, തിരുവനന്തപുരം, 06/10/2021.

---

പരാമർശം:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം)-ന്റെ 04.08.2018, 15.12.2020, 05.07.2021 തീയതികളിലെ ഇ7-298/18 നമ്പർ കത്തുകൾ.

ഉത്തരവ്

വനം വകുപ്പിൽ വയനാട് ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമിക്കപ്പെട്ട കുമാരി. ക്രിസ്റ്റലിൻ മേരി തോമസ് ഫോറസ്റ്റ് ട്രെയിനിംഗ് പൂർത്തീകരിച്ച ശേഷം ടിയാളുടെ എം.എ കോഴ്സ് പഠനം പൂർത്തീകരിക്കുന്നതിനായി 01.12.2017 മുതൽ 20.05.2018 വരെ വിനിയോഗിച്ച അവധി ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും, ശുപാർശ സഹിതം, പരാമർശത്തിലെ 4.8.2018 ലെ കത്ത് പ്രകാരം, ഭരണവിഭാഗം ഉപമുഖ്യ വനപാലകൻ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2) കുമാരി. ക്രിസ്റ്റിലിൻ മേരി തോമസ് വിജയകരമായി കോഴ്സ് പൂർത്തീകരിച്ച്, 08.05.2018-നു യൂണിവേഴ്സിറ്റിയിൽ നിന്നും വിടുതൽ ചെയ്യുകയും 11.05.2018 തീയതിയിൽ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുമ്പാകെ ഹാജരായി ജോലിയിൽ പ്രവേശിക്കുകയും ചെയ്യുകയുണ്ടായി. പരാമർശത്തിലെ 5.7.2021 ലെ കത്ത് പ്രകാരം, 01.12.2017 മുതൽ 10,05.2018 വരെയുള്ള കാലയളവിലേയ്ക്ക് പുതിയ അവധി അപേക്ഷ, ഭരണവിഭാഗം ഉപമുഖ്യ വനപാലകൻ സർക്കാരിന് ലഭ്യമാക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ബീറ്റ് ഫോറസ്റ്റ് ഓഫീസർ കുമാരി. ക്രിസ്റ്റലിൻ മേരി തോമസിന് 01.12.2017 മുതൽ 09.05.2018 വരെ കെ.എസ്.ആർ ഭാഗം I അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ടും, കെ.എസ്.ആർ ഭാഗം I

അനുബന്ധം XIIB ചട്ടം 5 പ്രകാരം ടി അവധി മറ്റ് അവധികളുമായി സംയോജിപ്പിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ 10/05/2018 വരെയുള്ള കാലയളവ് മുൻകാല സേവനം നഷ്ടമാകംവിധം നോൺഡ്യൂട്ടിയായി ക്രമപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Manoj K
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം. (സേവന പുസ്തകം സഹിതം).
കുമാരി. ക്രിസ്റ്റിലിൻ മേരി തോമസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 08-10-2021 13:54:49
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ്- വനം വന്യജീവി(പാർലമെന്റ്) വകുപ്പ്.